# പോലീസ് വകുപ്പ്

# കേരളം

## PROCEEDINGS OF THE DISTRICT POLICE CHIEF

**സിറ്റി പോലീസ് ഓഫീസ്, കോഴിക്കോട്**

**സാന്നിദ്ധ്യം : ജെ ജയനാഥ് ഐ പി എസ്**

വിഷയം : 2017 - 2018 വർഷത്തേക്ക് പോലീസ് കോമ്പൌണ്ട് കാന്റീൻ നടത്തുന്നത് സംബന്ധിച്ച്.

സൂചന : 08.05.2017 തീയ്യതിയായി ഈ ഓഫീസിൽ നിന്നും നൽകിയ ലേല പരസ്യം.

**ഉത്തരവ് നമ്പർ : G1-73605/2015/CC തീയതി. 23-05-2017**

മേൽ സൂചന പ്രകാരമുള്ള പരസ്യത്തിന്റെ അടിസ്ഥാനത്തിൽ ലഭിച്ച കൊട്ടേഷനുകൾ പരിശോധിച്ചതിൽ ഭക്ഷണ സാധനങ്ങളുടെ വിലനിലവാരത്തിന്റെയും, ഗുണനിലവാരം രേഖപ്പെടുത്തിയതിന്റെയും, ഭക്ഷണ സാധനങ്ങളുടെ എണ്ണത്തിന്റെയും അടിസ്ഥാനത്തിൽ ശ്രീ. മോഹൻദാസ്, ഉണിക്കോരൻ കുന്ന്, പന്നിക്കോട്ട് എന്നയാളുടെ കൊട്ടേഷൻ സ്വീകാര്യമാണെന്നും ടിയാന് പോലീസ് കോമ്പൌണ്ട് കാന്റീൻ 01.06.2017 തീയ്യതി മുതൽ ഒരു വർഷത്തേക്ക് 10000/- രൂപയുടെ ബോണ്ടിന്മേൽ നടത്തുവാൻ നൽകാമെന്ന് തീരുമാനിച്ചു.

**നിബന്ധനകൾ**

. പട്ടികയിൽ കാണിച്ച ആഹാര സാധനങ്ങൾ ഗുണനിലവാരം നിലനിർത്തിക്കൊണ്ട് വൃത്തിയായും, അളവിൽ കുറവ് വരുത്താതെയും സേനാംഗങ്ങൾക്കും സ്റ്റാഫിനും നൽകേണ്ടതാണ്.

. ആഹാര സാധനങ്ങൾ കാന്റീനിനോട് ചേർന്നുള്ള അടുക്കളയിൽ വച്ചുതന്നെ പാകം ചെയ്യേണ്ടതാണ്.

. കരാർ പ്രകാരമുള്ള വില മാത്രമേ സെനാംഗങ്ങളിൽ നിന്നും സ്റ്റാഫിൽ നിന്നും ഈടാക്കാൻ പാടുള്ളൂ, സാധനങ്ങളുടെ തൂക്കത്തിന്റെയും അലവിന്റെയും കാര്യത്തിലും ഇത് ബാധകമാണ്.

. കാലാവധി തീരുന്നതിനു മുൻപേ ഒരു സാധനവും വില കൂട്ടി വിൽക്കുവാൻ പാടുള്ളതല്ല.

. രാവിലെ 11.00 മണിക്കും വൈകീട്ട് 03.00 മണിക്കും കൃത്യമായി ജില്ലാ പോലീസ് ഓഫീസിലും കോമ്പൌണ്ടിലുള്ള മറ്റു ആപ്പീസുകളിലും ചായയും കടികളും എത്തിച്ചു നൽകേണ്ടതാണ്.

. കാന്റീനും പരിസരവും വൃത്തിയായി സൂക്ഷിക്കേണ്ടതാണ്.

. പതിനായിരം രൂപ (10000/- രൂപ) പണമായി കാന്റീൻ കമ്മിറ്റി പ്രസിഡന്റായ ജില്ലാ പോലീസ് മേധാവിയുടെ മുൻപാകെ കേട്ടിവക്കേണ്ടതാണ്. പ്രസിഡന്റിന്റെ അനുമതി കൂടാതെ കാന്റീൻ പ്രവർത്തിക്കാത്ത ദിവസങ്ങളിൽ ഒരു ദിവസത്തിന് 750/- രൂപ വച്ച് ഈ സംഖ്യയിൽ നിന്നും ഈടാക്കുന്നതാണ്.

. എല്ലാ ഞായറാഴ്ച്ചകളിലും ക്രിസ്തുമസ് വിഷു എന്നീ ആഘോഷങ്ങളിൽ ഒരു ദിവസവും ഓണത്തിന് രണ്ട് ദിവസവും കാന്റീൻ പ്രവത്തിക്കേണ്ടതില്ല. ഈ ദിവസങ്ങളിലല്ലാതെ ഏതെങ്കിലും ദിവസങ്ങളിൽ കാന്റീൻ

. എല്ലാ മാസവും കാന്റീൻ കമ്മിറ്റി കാന്റീൻ പ്രവർത്തനം വിലയിരുത്തുന്നതും ആവശ്യമെന്നാൽ കാന്റീൻ നടത്തിപ്പുകാരനെ മാറ്റുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്.

. ഭക്ഷണം പാകം ചെയ്യുന്നതിനുള്ള എണ്ണ ഒരു പ്രാവശ്യം മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ.

. പാർസൽ ആയി കൊണ്ടുപോയി കൊടുക്കുന്ന ഭക്ഷണ സാധനങ്ങൾ ബട്ടർ പേപ്പറിൽ പൊതിഞ്ഞു മാത്രമേ നൽകുവാൻ പാടുള്ളൂ.

. പുട്ട്, വെള്ളപ്പം, പൂരി, ദോശ, ഇഡലി/ഉപ്പുമാവ് ഇവയിലേതെങ്കിലും മൂനെണ്ണവും കടല ചെറുപയർ ചട്ണി മുട്ടറോസ്റ്റ് എന്നിവയും നിർബന്ധമായും രാവിലെ ഉണ്ടായിരിക്കേണ്ടതാണ്.

. ഉച്ച ഭക്ഷണത്തിന് ചോറിനോടൊപ്പം പച്ചക്കറി, മത്സ്യക്കറി, ഉപ്പേരി, അച്ചാർ, പപ്പടം, രസം/മോര് എന്നിവ നിർബന്ധമായും ഉണ്ടായിരിക്കണം.

. കെട്ടിവയ്ക്കുന്ന പതിനായിരം രൂപ (10000/- രൂപ) കാലാവധി കഴിയുമ്പോൾ (ഫൈൻ ഉണ്ടെങ്കിൽ അത് കഴിച്ച്) തിരിച്ചു നൽകുന്നതാണ്.

. കാന്റീൻ നടത്തിപ്പിൽ സർക്കാരിന് ഏതെങ്കിലും തരത്തിൽ നഷ്ടം ഉണ്ടെന്നു കമ്മിറ്റിക്ക് ബോധ്യം വന്നാൽ ആയതിനും കരാറുകാരൻ ഉത്തരവാദിയായിരിക്കും.

. കാന്റീൻ പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വാടക, വെള്ളക്കരം, കരണ്ട് ചാർജ് എന്നിവ കാന്റീൻ കമ്മിറ്റിടെയോ മറ്റു ഉന്നത അധികാരികളുടെയോ നിർദേശപ്രകാരം വേണ്ടി വന്നാൽ അടക്കേണ്ടതാണ്.

. കാന്റീനിൽ ഉണ്ടാക്കുന്ന എല്ലാ ഭക്ഷണ സാധനങ്ങളുടെയും വില എല്ലാവർക്കും കാണുന്ന വിധം ബോർഡിൽ പ്രദർശിപ്പിക്കേണ്ടതാണ്.

. കാന്റീനിൽ കുപ്പി ഗ്ലാസ് ഉപയോഗിക്കേണ്ടതാണ്.

. കാന്റീൻ നടത്തുന്നവർ കോർപറേഷനിൽ നിന്നും ലൈസെൻസ് നിർബന്ധമായും എടുത്തിരിക്കണം.

. കാന്റീനിൽ സ്ഥിരം ജോലിക്കാരെ നിർത്തേണ്ടതാണ്.

. വൃത്തിഹീനമായ സാഹചര്യം കണ്ടാൽ യാതൊരു മുന്നറിയിപ്പും ഇല്ലാതെ കാന്റീൻ അടച്ചു പൂട്ടാൻ കമ്മിറ്റിക്ക് അധികാരമുണ്ട്.

- . കാന്റീനിന്റെ പ്രവർത്തന സമയം കുറഞ്ഞത് രാവിലെ 6.00 മുതൽ വൈകീട്ട് 8.00 മണി വരെ ആയിരിക്കും.
- . കാന്റീൻ ജീവനക്കാർ നിർബന്ധമായും യൂണിഫോം ധരിക്കേണ്ടതാണ്.
- . കാന്റീനിൽ പുതിയ ജീവനക്കാരെ നിയമിക്കുകയാണെങ്കിൽ ജില്ലാ പോലീസ് മേധാവിയുടെ മുൻകൂർ അനുമതി വാങ്ങേണ്ടതാണ്.
- . മേൽ പറഞ്ഞ വ്യവസ്ഥകൾ പ്രത്യേകമായി 50/- രൂപയുടെ മുദ്രപ്പത്രത്തിൽ എഴുതി സമർപ്പിക്കേണ്ടതാണ്.

23-05-2017

ജെ ജയനാഥ് ഐ പി എസ്,

കമ്മീഷണർ ഓഫ് പോലീസ്

സ്വീകർത്താവ് : 1. ശ്രീ. മോഹൻദാസ്, ഉണിക്കോരൻ കുന്ന്, പന്നിക്കോട്ട്

2. കാന്റീൻ കമ്മിറ്റി അംഗങ്ങൾക്ക്.

പകർപ്പ് : 1. കോഴിക്കോട് സിറ്റിയിലെ എല്ലാ ഓഫീസർമാർക്കും. അറിവിലേക്കായി.

2. ജില്ലാ പോലീസ് ഓഫീസിലെ നോട്ടീസ് ബോർഡ്.